## മുന്തിരിവള്ളി മുൻകുറിക്കുന്നത്

**I. മുന്തിരിവള്ളി ത്യാഗംചെയ്യുന്ന ക്രിസ്തുവിനെ, തന്റെ ത്യാഗത്തിൽനിന്ന് ദൈവത്തെയും മനുഷ്യനെയും സന്തോഷിപ്പിക്കുന്ന പുതുവീഞ്ഞ് ഉളവാക്കിയ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു—ന്യായാ. 9:13**

- മുന്തിരിവള്ളിയെന്ന നിലയിൽ ദൈവത്തിനുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ക്രിസ്തു സന്തോഷം ഉല്പാദിപ്പിക്കുന്നു

## നമുക്ക് എങ്ങനെ വീഞ്ഞ് ഉത്പാദിപ്പിക്കുവാൻ സാധിക്കും

**II. ഈ മുന്തിരിവള്ളിയെ നാം ബന്ധപ്പെടുകയും അവന്റെ ത്യാഗംചെയ്യുന്ന ജീവനെ അനുഭവമാക്കുകയും ചെയ്യുന്നതിലൂടെ—റോമ. 12:1; എഫെ. 5:2; 2 കൊരി. 1:24**

- ത്യാഗംചെയ്യുവാൻ ആവശ്യമായ സാഹചര്യങ്ങളിൽ നാം വെയ്ക്കപ്പെടുമ്പോൾ, മുന്തിരിവള്ളിയായ ക്രിസ്തുവിനെ അനുഭവമാക്കുന്നതിലൂടെ നാം അവനിലും അവനാലും അവനോടുകൂടെയും അവനിലൂടെയും ദൈവത്തെയും മനുഷ്യനെയും സന്തോഷിപ്പിക്കുന്നതായ ചിലത് ഉളവാക്കുന്ന ഒരു മുന്തിരിവള്ളിയായിത്തീരുന്നു
- അവനെ അനുഭവമാക്കുന്നുവെങ്കിൽ, കുടിക്കുവാൻ നമുക്ക് ധാരാളം വീഞ്ഞുണ്ടായിരിക്കുകയും, നാം "മത്തരായിരിക്കുകയും" കർത്താവിലുള്ള സന്തോഷംകൊണ്ട് നിറഞ്ഞിട്ട് "ഉന്മത്തരായിരിക്കുകയും" ചെയ്യും
- നമ്മിൽത്തന്നെ ഒരു ത്യാഗജീവിതം നയിക്കുവാൻ നാം പ്രാപ്തരല്ല, കാരണം നമ്മുടെ ജീവൻ ഒരു സ്വാഭാവിക ജീവൻ, ഒരു സ്വാർഥ ജീവൻ ആണ്
- ക്രിസ്തുവിന്റെ ജീവൻ മാത്രമാണ് ഒരു ത്യാഗത്തിന്റെ ജീവൻ. നാം കർത്താവിനെ ബന്ധപ്പെടുകയും അവന്റെ ത്യാഗപൂർണ്ണമായ ജീവനെ അനുഭവമാക്കുകയും ചെയ്യുന്നുവെങ്കിൽ, ദൈവത്തിനു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും ത്യാഗംചെയ്യുവാൻ അവൻ നമ്മെ ഉത്തേജിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യും
- സന്തോഷംകൊണ്ട് നാം "മത്തരാക്കപ്പെടുകയും", മനുഷ്യർക്കും ദൈവത്തിനും നാം സന്തോഷം കൊണ്ടുവരികയും ചെയ്യും

## വീഞ്ഞ് ഉത്പാദിപ്പിക്കുക മാത്രമല്ല നാമും ക്രിസ്തുവും വീഞ്ഞ് പകരുന്ന ഒരു പാനീയയാഗമായ്ത്തീരുന്നു

**III. പാനീയയാഗമായ ക്രിസ്തുവിനെ അനുഭവമാക്കുന്നതിലൂടെ നാമും അവനോടുകൂടെ ഒരു പാനീയയാഗമായിത്തീരുന്നു—ഉല്പ. 35:14; പുറ. 29:40-41; ഫിലി. 2:17; 2 തിമൊ. 4:6**

- ദൈവത്തിന്റെ സംതൃപ്തിക്കുവേണ്ടി ദൈവമുമ്പാകെ യഥാർഥ വീഞ്ഞായി ഒഴിക്കപ്പെട്ടവനായ ക്രിസ്തുവാണ് പാനീയയാഗം
- പാനീയയാഗം അടിസ്ഥാന യാഗങ്ങൾക്കു പുറമെയുള്ളതും, അത് അടിസ്ഥാന യാഗങ്ങളിലൊന്നിന്മേൽ ഒഴിക്കപ്പെട്ടതുമായിരുന്നു
- ക്രിസ്തു തന്റെ ആളത്തം ദൈവത്തിനു കുടിക്കുവാൻ ഒഴിച്ചു
- പാനീയയാഗം തന്നിൽതന്നെയുള്ള ക്രിസ്തുവിനെ മാത്രമല്ല, അവനും നാമും ഒന്നായിത്തീരുന്നതുവരെ സ്വർഗീയ വീഞ്ഞായ അവനെക്കൊണ്ടുതന്നെ നമ്മെ സാന്ദ്രീകരിക്കുന്ന ക്രിസ്തുവിനെയും കൂടി മുൻകുറിക്കുന്നു
- നാം സ്വർഗീയ വീഞ്ഞായ ക്രിസ്തുവിനാൽ സാന്ദ്രീകരിക്കപ്പെടുകയും, വീഞ്ഞുമായി ഒന്നാകുകയും, വീഞ്ഞായിത്തീരുകയും ചെയ്യുന്നു; ഇപ്രകാരം നാം പാനീയയാഗമാകുവാൻ യോഗ്യരാകുന്നു
- പാനീയയാഗം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണെന്ന് സൂചിപ്പിച്ചുകൊണ്ട് യാക്കോബ് ബെഥേലിലെ തൂണിന്മേൽ പാനീയയാഗം ഒഴിച്ചു.
- ബെഥേലിൽ ഒഴിച്ച വീഞ്ഞ് ചക്കിൽനിന്നു നേരിട്ടുള്ള വീഞ്ഞല്ല; അത് ക്രിസ്തുവിനെ വീഞ്ഞായി ആസ്വദിക്കുകയും വീഞ്ഞായ ക്രിസ്തുവിനെക്കൊണ്ട് സാന്ദ്രീകരിക്കപ്പെടുകയും ചെയ്തവരിൽനിന്നുള്ള നേരിട്ടല്ലാത്ത വീഞ്ഞാണ്.

## ക്രിസ്തുവിന്റെ അനുഭവത്തിന്റെ രണ്ട് ശിഖരങ്ങൾ—വിശ്വാസവും പാനീയയാഗവും

**IV. അപ്പൊസ്തലനായ പൗലൊസ് വിശുദ്ധന്മാരുടെ വിശ്വാസയാഗത്തിനും സേവനത്തിനും മേൽ ഒഴിക്കപ്പെട്ട ഒരു പാനീയയാഗമായിത്തീർന്നു—ഫിലി. 2:17; 2 തിമൊ. 4:6**

- പൗലൊസിനെ സാന്ദ്രീകരിക്കുകയും അവനെ വീഞ്ഞാക്കുകയും ചെയ്ത ഫലിപ്പിയർ 2:17-ലും 2 തിമൊഥെയൊസ് 4:6-ലുമുള്ള പാനീയയാഗത്തിന്റെ വീഞ്ഞ്, മത്തായി 9:17-ലെ ക്രിസ്തു (വീഞ്ഞ്) ആണ്.
- പാനീയയാഗം ദൈവാരാധനയ്ക്കു വേണ്ടി മാത്രമല്ല, അത് വിശേഷാൽ ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുമാണ്
- പാനീയയാഗത്തിന് ഒരു അടിസ്ഥാന യാഗം ആവശ്യമാണെന്ന തത്ത്വത്തെ അടിസ്ഥാനമാക്കി, അവനെതന്നെ പാനീയയാഗമായി ഒഴിക്കുവാൻ തക്കവണ്ണം വിശ്വാസികളുടെ വിശ്വാസ യാഗത്തെയും സേവനത്തെയും അടിസ്ഥാന യാഗമായി പൗലൊസ് കണക്കാക്കി
- ഇവിടെ വിശ്വാസം എന്നത് വിശ്വാസികൾ ക്രിസ്തുവിനെ അനുഭവമാക്കിയതും ആസ്വദിച്ചതുമായ സകലതും ഉൾപ്പെടുന്നു;
- വിശ്വാസികളല്ല, വിശ്വാസികളുടെ വിശ്വാസമാണ് യാഗം. വിശ്വാസവും, വചനവും, ആത്മാവും ഒന്നാണ്.
- ഫലിപ്പിയർ 2:17-ലെ വിശ്വാസം നാം ക്രിസ്തുവിനെ അനുഭവമാക്കിയതിന്റെയും, ആസ്വദിച്ചതിന്റെയും, നേടിയതിന്റെയും ആകത്തുകയാണ്:
- ക്രിസ്തുവിനെ ആസ്വദിക്കുന്നതിലൂടെ നാം ക്രിസ്തുവിനെ അനുഭവമാക്കുകയും, ക്രിസ്തുവിനെ നേടുകയും, ക്രിസ്തുവിനെ സ്വന്തമാക്കുകയും, നമ്മുടെ ആളത്തം ക്രിസ്തുവിനെക്കൊണ്ട് സംരചിക്കപ്പെടുകയും ചെയ്യുന്നു; ഇപ്രകാരം നമ്മുടെ വിശ്വാസം ദൈവത്തിന് അർപ്പിക്കുവാൻ കഴിയുന്നതും അതിന്മേൽ പാനീയയാഗം ഒഴിക്കുവാൻ കഴിയുന്നതുമായ ഒരു യാഗമായിത്തീരുന്നു.